സംരക്ഷിക്കുന്നതിന് കുട്ടനാട് പാക്കേജിൽ ഓണാട്ടുകര പദ്ധതി പ്രകാരം കരിപ്പുഴ വാട്ടർ ഷെഡിൽ ഉൾപ്പെടുത്തി വെള്ളപ്പൊക്ക നിയന്ത്രണത്തിനായിട്ടുള്ള എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആറ് കടന്ന തോടിന് കുറുകെ ആംബുലൻസ് ബ്രിഡ്ജ് നിർമ്മാണം

159 (6864) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ മേജർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആറ്, പത്ത് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറ്കടന്ന തോടിനുകുറുകെ ആംബുലൻസ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ആറ്, പത്ത് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറ് കടന്ന തോടിന് കുറുകെ ആംബുലൻസ് ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 2013-14 വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം സാങ്കേതികാനുമതി നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത എസ്റ്റിമേറ്റ് പുതുക്കിയ സി.പി.ഡബ്ല്യു.ഡി. റേറ്റിൽ തയ്യാറാക്കിവരുന്നു. മേൽ പ്രവൃത്തിക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാങ്കേതികാനുമതി നൽകാവുന്നതാണ്.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ആനോത്ത് പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി

160 (6865) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ ആനോത്ത് പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് ജലസേചന വകുപ്പിൽ നിലവിലുള്ള പരാതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ ആനോത്ത് പുഴയുടെ തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly